ctjedayur@gmail.com



സി.ടി ജഅ്ഫര്‍ എടയൂര്‍

# വെള്ളിയാഴ്ചയുടെ പ്രാധാന്യം

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ: قَالَ أَبُو الْقَاسِمِ ﷺ: إِنَّ فِي الْجُمُعَةِ لَسَاعَةً, لَا يُوَافِقُهَا مُسْلِمٌ قَائِمٌ يُصَلِّي,يَسْأَلُ اللَّهَ خَيْرًا إِلَّا أَعْطَاهُ إِيَّاهُ. وَقَالَ بِيَدِهِ يُقَلِّلُهَا:يُزَهِّدُهَا

അബൂഹുറയ്‌റയില്‍ നിന്ന്. നബി(സ) പറഞ്ഞു: "വെള്ളിയാഴ്ച ഒരു നിശ്ചിത സമയമുണ്ട്. ആ സമയത്ത് നമസ്‌കരിക്കുകയും അല്ലാഹുവോട് നന്മ തേടുകയും ചെയ്യുന്ന ഏതൊരു മുസ്‌ലിമിനും അവന്‍ ആവശ്യപ്പെടുന്നത് അല്ലാഹു നല്‍കുകതന്നെ ചെയ്യും." അതൊരു ഹ്രസ്വവേള മാത്രമാണെന്ന് അവിടുന്ന് കൈകൊണ്ട് മുദ്ര കാണിച്ചു (മുസ്‌ലിം).

ഇസ്‌ലാമില്‍ ചില മാസങ്ങള്‍ക്കും ദിവസങ്ങള്‍ക്കും സമയങ്ങള്‍ക്കും പ്രത്യേകതയുണ്ട്. ദിവസങ്ങളില്‍ ഏറ്റവും ഉത്തമമായത് ജുമുഅ ദിവസമാണ്. നബി (സ) അരുളി: "സൂര്യനുദിക്കുന്ന ദിവസങ്ങളില്‍ ഏറ്റം ശ്രേഷ്ഠം വെള്ളിയാഴ്ചയാകുന്നു. അന്നാണ് ആദം സൃഷ്ടിക്കപ്പെട്ടത്. അദ്ദേഹം സ്വര്‍ഗത്തില്‍ പ്രവേശിപ്പിക്കപ്പെട്ടതും അന്നാണ്. അവിടെനിന്ന് പുറത്താക്കപ്പെട്ടതും അന്നു തന്നെ. ലോകാവസാനം സംഭവിക്കുന്നതും വെള്ളിയാഴ്ചയായിരിക്കും" (മുസ്‌ലിം, അബൂദാവൂദ്).

ഈ ദിനത്തില്‍ ഒരു പ്രത്യേക സമയം വിശ്വാസികള്‍ക്കായി അല്ലാഹു കനിഞ്ഞരുളിയിട്ടുണ്ടെന്നും, ആ സമയം പ്രാര്‍ഥനയിലും ആരാധനാ കര്‍മങ്ങളിലും ഏര്‍പ്പെട്ട് അല്ലാഹുവോട് വല്ലതും തേടിയാല്‍ നാഥന്‍ അത് സ്വീകരിക്കുമെന്നുമാണ് മേല്‍ കൊടുത്ത ഹദീസിന്റെ ആശയം.

ഇബ്‌നുല്‍ ഖയ്യിം പറയുന്നു: "ജുമുഅ ദിവസം പകലും രാത്രിയും നബി (സ) യുടെ പേരില്‍ കൂടുതല്‍ സ്വലാത്ത് ചൊല്ലുന്നത് അഭികാമ്യമാണ്. കാരണം, 'ജുമുഅ ദിനത്തില്‍ പകലും രാത്രിയും നിങ്ങള്‍ എന്റെ പേരില്‍ അധികം സ്വലാത്ത് ചൊല്ലുക' എന്ന് തിരുമേനി പറഞ്ഞിട്ടുണ്ട്. റസൂല്‍(സ) മനുഷ്യസമൂഹത്തിന്റെ നേതാവാണ്. ജുമുഅ ദിനമാകട്ടെ, ദിവസങ്ങളുടെ നേതാവും. അതിനാല്‍ ആ ദിവസത്തില്‍ തിരുമേനിയുടെ പേരില്‍ സ്വലാത്ത് ചൊല്ലുന്നതിന് ഇതര ദിവസങ്ങളിലില്ലാത്ത പ്രാധാന്യമുണ്ട്. ഇതില്‍ മറ്റൊരു യുക്തികൂടി അടങ്ങിയിരിക്കുന്നു. അത് ഇങ്ങനെ മനസ്സിലാക്കാം: നബി (സ) തിരുമേനിയുടെ സമുദായം ഇഹത്തിലും പരത്തിലും ഏതെല്ലാം നന്മകള്‍ നേടിയെടുത്തിട്ടുണ്ടോ അവയെല്ലാം തന്നെ തിരുമേനി മുഖേന മാത്രമാണ് അവര്‍ക്ക് ലഭിച്ചിട്ടുള്ളത്. അങ്ങനെ ഇഹത്തിലെയും പരത്തിലെയും നന്മകള്‍ ഒന്നായി തിരുമേനിയുടെ ഉമ്മത്തിനു അല്ലാഹു നല്‍കിയിരിക്കയാണ്. അതിനുള്ള നന്ദിയും കൃതജ്ഞതയും എളിയ തോതിലുള്ള കടപ്പാട് നിര്‍വഹണവുമാണ് പ്രസ്തുത ദിവസം നബി (സ)യുടെ മേല്‍ ധാരാളം സ്വലാത്ത് ചൊല്ലുകയെന്നത്" (ഫിഖ്ഹുസ്സുന്നഃ).

ജുമുഅക്ക് നേരെത്തെ പുറപ്പെടുന്നത് അത്യുത്തമവും പുണ്യകരവുമാകുന്നു. നബി (സ) പറഞ്ഞു: "വെള്ളിയാഴ്ച ദിവസമായാല്‍ പള്ളിയുടെ ഓരോ വാതിലിലും, ആദ്യമാദ്യം എത്തുന്നവരെ രേഖപ്പെടുത്തുന്ന മലക്കുകളുണ്ടായിരിക്കും. ഇമാം (മിമ്പറില്‍) ഇരുന്നാല്‍ അവര്‍ ഏടുകള്‍ മടക്കിവെച്ച് ഉദ്‌ബോധനം കേള്‍ക്കാന്‍വരും. പള്ളിയില്‍ നേരത്തേ എത്തുന്നവന്‍ പെണ്ണൊട്ടകത്തെ ബലിദാനം നടത്തിയവനെ പോലെയാകുന്നു. പിന്നീട് എത്തുന്നവന്‍ പശുവിനെ ബലി നല്‍കിയവനെപ്പോലെയും. പിന്നെ വരുന്നവന്‍ കോഴിയെ ബലി നല്‍കിയവനെപ്പോലെയുമാണ്. പിന്നെ കോഴിമുട്ട ദാനം ചെയ്തവനെപ്പോലെയും" (മുസ്‌ലിം). വെള്ളിയാഴ്ചകളില്‍ സകല ഏര്‍പ്പാടുകളും നിര്‍ത്തിവെച്ച് നേരത്തെതന്നെ ജുമുഅക്ക് എത്തിച്ചേര്‍ന്നിരിക്കണമെന്ന് അനുശാസിക്കപ്പെട്ടവരാണ് വിശ്വാസി സമൂഹം. എന്നാല്‍, ഇക്കൂട്ടത്തില്‍ എല്ലാ വിധ ഭൗതിക താല്‍പര്യങ്ങളിലും അഭിരമിച്ചുകൊണ്ടിരിക്കുന്നതിനിടയില്‍ നമസ്‌ക്കാര സമയമാവുമ്പോള്‍ പള്ളിയിലോടിയെത്തി ജുമുഅയില്‍ പങ്കെടുത്തു എന്ന് വരുത്തിത്തീര്‍ക്കുന്നവരെയും കാണാം. അവര്‍ അറിയുന്നുണ്ടോ ജുമുഅയുടെ യഥാര്‍ഥ ചൈതന്യവും പ്രതിഫലവും പ്രതിഫലനവുമാണ് അവര്‍ കളഞ്ഞ് കുളിക്കുന്നതെന്ന്! ഇനി പള്ളിയില്‍ എത്തിയാല്‍ തന്നെ ഖുത്വ്ബ ശ്രവിക്കാതെ പരസ്പരം തമാശയും കളിയും ചിരിയുമായി കഴിച്ചുകൂട്ടുന്നവരും കുറവല്ല. ഖുത്വ്ബ തുടങ്ങിയാല്‍ തന്റെ അരികില്‍ ഇരിക്കുന്നവനോട് 'സംസാരിക്കരുത്' എന്നു പറയുന്നത് പോലും ജുമുഅയുടെ ചൈതന്യത്തെ നഷ്ടപ്പെടുത്തുമെങ്കില്‍ തമ്മില്‍ തമ്മില്‍ സംസാരിക്കുന്നത് എത്ര ഗുരുതരമായ വീഴ്ചയാണ്! റസൂല്‍ (സ) പറഞ്ഞു: "വെള്ളിയാഴ്ച ഇമാം പ്രസംഗിച്ചുകൊണ്ടിരിക്കെ നീ കൂട്ടുകാരനോട് 'മിണ്ടാതിരിക്കൂ' എന്നു പറഞ്ഞാല്‍ നീ അനാവശ്യം സംസാരിച്ചു" (മുസ്‌ലിം). അതായത്, അതുവഴി ജുമുഅയുടെ പ്രതിഫലം നഷ്ടപ്പെടുത്തി എന്നര്‍ഥം.

ജുമുഅ ദിവസം കുളിക്കുകയും, സാധിക്കുംവിധം ശുദ്ധി വരുത്തി സുഗന്ധദ്രവ്യം പൂശി പള്ളിയിലേക്ക് പോവുകയും (നിശ്ചിത സുന്നത്ത്) നമസ്‌ക്കരിക്കുകയും ഇമാം സംസാരിക്കുമ്പോള്‍ ശ്രദ്ധിച്ച് കേള്‍ക്കുകയും ചെയ്താല്‍ ആ ജുമുഅ മുതല്‍ പിറ്റേ ജുമുഅ വരെയുള്ള ഒരാളുടെ പാപം പൊറുക്കപ്പെടാതിരിക്കില്ല എന്ന് നബി (സ) പറഞ്ഞതായി സല്‍മാനുല്‍ ഫാരിസി നിവേദനം ചെയ്ത (അഹ്മദും ബുഖാരിയും ഉദ്ധരിച്ച) ഹദീസില്‍ കാണാം. ജുമുഅ ദിവസം പകലും രാത്രിയും സൂറത്തുല്‍ കഹ്ഫ് പാരായണം ചെയ്യുന്നത് പുണ്യകരമാണ്. നബി (സ) പറഞ്ഞു:"ഒരാള്‍ ജുമുഅ ദിവസം സൂറത്തുല്‍ കഹ്ഫ് ഓതിയാല്‍ തന്റെ കാലടി മുതല്‍ ആകാശംവരെ വെളിച്ചമുണ്ടായിത്തീരുകയും അതവന്ന് ഖിയാമത്ത് നാളില്‍ വെളിച്ചം കാട്ടുകയും ഇരു ജുമുഅകള്‍ക്കിടയിലുള്ള പാപം അവന്ന് പൊറുക്കപ്പെടുകയും ചെയ്യും"(അബൂബക്ര്‍ ഇബ്‌നു മിര്‍തവൈഹി). ■